The Indian EXPRESS ie മലയാളം 6 September 2021

# വൻതോതിലുള്ള കടല് പായൽ കൃഷിയുമായി ലക്ഷദ്വീപ്; വര്ഷം 75 കോടി രൂപ നേടാമെന്ന് പഠനം

ഏകദേശം മുപ്പതിനായിരം ടൺ ഉണങ്ങിയ പായൽ ഓരോവർവും വിളവെടുക്കാമെന്നും ഹെക്ടറില്നിന്ന് 150 ടണ് വരെ ഉൽപാദനം നേടാമെന്നും സിഎംഎഫ്ആര്ഐ ശാസ്ത്രജ്ഞന് ഡോ. മുഹമ്മദ് കോയ പറയുന്നു



കവരത്തി തീരത്തെ കടൽപായൽ കൃഷിയിടം





കൊച്ചി: വൻതോതിലുള്ള കടൽപായൽ കൃഷിയുമായി ലക്ഷദ്വീപ് ഭരണകൂടം. ജനവാസമുള്ള ഒമ്പത് ദ്വീപുകളിലാണു കൃഷി ആരംഭിച്ചിരിക്കുന്നത്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർ ഐ) ദ്വീപിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള കൃഷി വന് വിജയമായതിനെ തുടർ ന്നാണിത്.

രണ്ടായിരത്തി അഞ്ഞൂറോളം മുളച്ചങ്ങാടങ്ങൾ ഉപയോഗിച്ച് സിഎംഎഫ്ആർഐയുടെ സാങ്കേതിക സഹായത്തോടെയാണു ദ്വീപുകളിൽ കൃഷി ആരംഭിച്ചിരിക്കുന്നത്. ലക്ഷദ്വീപിലെ തദ്ദേശീയ ഇനമായ എഡുലിസ് എന്ന പായലാണ് കൃഷി ചെയ്യുന്നത്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള 10 സ്വയം-സഹായക സംഘങ്ങളുള്പ്പെടെ ദ്വീപിലെ 100 കുടുംബങ്ങൾക്കാണു കൃഷിയുടെ ഗുണം ആദ്യഘട്ടത്തില് ലഭിക്കുക.

ലക്ഷദ്വീപിലെ കടൽത്തീരങ്ങൾ പായൽകൃഷിക്ക് ഏറ്റവും അനയോജ്യമാണെന്നും മരുന്ന്-ഭക്ഷ്യ വ്യവസായങ്ങൾക്ക് ഗുണകരമാകുന്ന മികച്ച പായലുകൾ ഇവിടെ ഉല്പാദിപ്പിക്കാന് കഴിയുമെന്നുമാണ് സിഎംഎഫ്ആർഐയുടെ കണ്ടെത്തൽ. തദ്ദേശീയ പായൽവർഗങ്ങളുടെ കൃഷിക്ക് ദ്വീപ് തീരങ്ങളിൽ 45 ദിവസനത്തിനുള്ളിൽ 60 മടങ്ങ് വരെ വളർച്ചാനിരക്ക് ലഭിക്കുമെന്നും പഠനത്തിൽ മനസിലായി. ഇതേത്തുടർ ന്നാണ് ലക്ഷദ്വീപ് ഭരണകൂടം സിഎംഎഫ്ആർഐയുമായി ചേർന്ന് കില്ത്താന്, ചെത്ത്ല, കടമത്ത്, അഗത്തി, കവരത്തി ദ്വീപുകളില് കഴിഞ്ഞ വര്ഷം പരീക്ഷണാടിസ്ഥാനത്തില് കടൽപായൽ കൃഷി നടത്തിയത്.

ലക്ഷദ്വീപ് തീരങ്ങളിൽനിന്ന് പ്രതിവർഷം 75 കോടി രൂപയുടെ കടൽപായൽ ഉൽപാദിപ്പിക്കാമെന്ന് പഠനത്തിലൂടെ ബോധ്യപ്പെട്ടെന്ന് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞന് ഡോ. മുഹമ്മദ് കോയ പറഞ്ഞു. വിവിധ ദ്വീപുകളിലെ 21,290 ഹെക്ടര് വിസ്തൃതിയിലുള്ള ലഗൂണുകളുടെ (തീരക്കടൽ) ഒരു ശതമാനം മാത്രം (200 ഹെക്ടര്) ഉപയോഗിച്ചാണിത്. ഏകദേശം മുപ്പതിനായിരം ടണ് ഉണങ്ങിയ പായൽ ഓരോ വര്ഷവും വിളവെടുക്കാം. ഒരു ഹെക്ടറില്നിന്ന് 150 ടണ് വരെ ഉല്പാദനം നേടാമെന്നും അദ്ദേഹം പറയുന്നു.

സാമ്പത്തിക നേട്ടത്തിനു പുറമെ, കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കാനും കടൽപായൽ കൃഷി അനുയോജ്യമാണെന്നും സിഎംഎഫ്ആർഐ ചൂണ്ടിക്കാട്ടുന്നു. വന്തോതില്ൽകാര്ബണ് ഡയോക്സൈഡിനെ ആഗിരണം ചെയ്ത് പിടിച്ചുവയ്ക്കാന് കടല്പായലുകള്ക്ക് ശേഷിയുണ്ട്. തങ്ങള് നിർദേശിച്ച അളവില് കൃഷി ചെയ്യുന്നതിലൂടെ മാത്രം പ്രതിദിനം 6500 ടൺ കാർബൺ ഡയോക്സൈഡ് ഇത്തരത്തില് പായലുകള്ക്ക് സംഭരിച്ചുവയ്ക്കാനാകുമെന്നും സിഎംഎഫ്ആർഐ പറഞ്ഞു.

ലക്ഷദ്വീപ് ഫിഷറീസ്, വനം-പരിസ്ഥിതി, ഗ്രാമവികസന വകുപ്പുകളുടെ സംയുക്ത പങ്കാളിത്തത്തോടെയാണ് പദ്ധതി. സിഎംഫ്ആർഐയുടെ കീഴില് കവരത്തിയിലൽ പ്രവര്ത്തിക്കുന്ന ലക്ഷദ്വീപ് കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ സഹകരണവുമുണ്ട്. കടൽപായൽ കൃഷി ജനകീയമാക്കല്, നൈപുണ്യ വികസനം എന്നിവയാണ് ആദ്യഘട്ട കൃഷിയുടെ പ്രധാന ലക്ഷ്യം. ഇതോടൊപ്പം, കൃഷിയുടെ പാരിസ്ഥിതിക പ്രതിഫലനങ്ങൾ, സ്ഥലനിര്ണയത്തിനുള്ള മാപ്പിങ്, ആഴമുള്ള സ്ഥലങ്ങളിലെ കൃഷിരീതി വികസനം തുടങ്ങിയ പഠനങ്ങൾ സിഎംഎഫ്ആർഐ ചെയ്തുവരുന്നുണ്ട്.